താത്പര്യമില്ല. ഫിലിംവ്യവസായത്തിൽ പണം മുടക്കിയ മിക്ക ഗൾഫ് മലയാളികൾക്കും നിരാശയാണ് ഇന്നോളം കൈവന്നിട്ടുള്ളത്.

ഗൾഫ് നാടുകളിൽ പാർത്ത് പലതരം വ്യവസായങ്ങളിൽ, പ്രത്യേകിച്ച് മൂല്യസംവർധന' (ആഡഡ് വാല്യു) വ്യവസായങ്ങളിൽ, പരിചയം നേടിയ പ്രവാസികളിൽ ചിലർ, കേരളത്തിൽ തിരിച്ചുവന്ന്, രാഷ്ട്രസേവനമെന്ന നിലയിൽ, ഒട്ടൊക്കെ സാഹസികതയോടെ, പുതു വ്യവസായങ്ങൾ ആരംഭിക്കുക മാത്രമാണ്. ഈ പുറപ്പാടിൽ, ഗൾഫ് മലയാളികളുടെ മൂലധനം കേരളത്തിൽ നിക്ഷേപിക്കപ്പെടുന്നതിനുള്ള മാർഗം. വിദേശനാണയരൂപത്തിൽ നൽകപ്പെടുന്ന ഡിപ്പോസിറ്റുകൾക്ക് ഇന്നുള്ള നികുതിയിളവ് ആനുകൂല്യത്തോടൊപ്പം കൂടുതൽ പലിശ കൂടി നൽകുന്നതുവഴി ഗൾഫ് മലയാളികളുടെ ഇന്ത്യയിലെ ബാങ്ക്നിക്ഷേപം വർധിപ്പിക്കാൻ കഴിഞ്ഞേക്കും. പക്ഷേ, രൂപയുടെ വില ആണ്ടുതോറും ഇടിഞ്ഞിടിഞ്ഞുവരുന്ന സാഹചര്യത്തിൽ ഈ നിക്ഷേപം നിക്ഷേപകർക്ക് ഭാവിയിൽ ഗുണപ്രദമായിക്കൊള്ളണമെന്നില്ല. കേരളത്തിലെ ഏറ്റവും നല്ല തലച്ചോറിന്റെ വലിയ ഒരുഭാഗം ഇന്ന് ഗൾഫ് നാടുകളിലാണ് ഈ തലച്ചോർ കുറെയെങ്കിലും തിരിച്ചു കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞാൽ വ്യവസായവത്കരണത്തിൽ ചെറിയ തോതിലെങ്കിലും മുന്നേറ്റം കേരളത്തിൽ ഉണ്ടായേക്കാം. ഗൾഫ് മലയാളികളുടെ പണം കേരളത്തിലെ കടുത്ത ദാരിദ്ര്യത്തിനു കുറെയൊക്കെ ഉപശാന്തി കൈവരുത്തിയിരിക്കുന്നു. പക്ഷേ, വിവിധ തുറകളിൽ ഗൾഫ്മലയാളി ആർജിച്ചിട്ടുള്ള പ്രായോഗികവൈദഗ്ധ്യവും ആധുനികരീതിയിലുള്ള അവരുടെ സേവനവും കൂടി ലഭിച്ചാൽ മാത്രമേ, സ്വന്തം കാലിൽ നിൽക്കുവാനുള്ള കഴിവ് കരളത്തിന്റെ സമ്പദ്‌വ്യവസ്ഥിതിക്കു കൈവരുകയുള്ളു. ആത്മവിശ്വാസമുള്ള ഗൾഫ് മലയാളിസുഹൃത്തുക്കളുടെ ശ്രദ്ധ ഈ വഴിക്കു തിരിഞ്ഞുകാണാൻ ആഗ്രഹിക്കുന്നു.

6 ഡിസംബർ, 1984

## 40. ജവാഹർലാൽ— ഒരു പുതിയ വിലയിരുത്തൽ

റഷ്യൻ ചിന്തകരുടെയും, അവരെ അന്ധമായി അനുസരിച്ചിരുന്ന ലോകമെങ്ങുമുള്ള കമ്യൂണിസ്റ്റുകാരുടെയും ദൃഷ്ടിയിൽ മഹാത്മാഗാന്ധി, അദ്ദേഹം ജീവിച്ചിരുന്ന കാലമത്രയും, 'മുതലാളിമാരുടെ ഏജൻറ്' ആയിരുന്നു. ജവാഹർലാൽ നെഹ്റുവിനെപ്പറ്റിയും കമ്യൂണിസ്റ്റുകാരുടെ ആദ്യകാലമതിപ്പ് വളരെയൊന്നും വ്യത്യസ്തമായിരുന്നില്ല. പില്ക്കാലത്ത് സോവിയറ്റ്യൂണിയൻ നെഹ്റുവിന് ആവേശനിർഭരമായ സ്വീകരണം നൽകിയപ്പോഴും, സോഷ്യലിസത്തെപ്പറ്റിയുള്ള നെഹ്റുവിന്റെ അഭിപ്രായപ്രകടനങ്ങളെ വെറും തട്ടിപ്പായേ ഇന്ത്യയിലെ കമ്യൂണിസ്റ്റുകാർ കണക്കാക്കിപ്പോന്നുള്ളു.

മനുഷ്യചരിത്രത്തിൽ സാമാന്യമായും ഇന്ത്യാചരിത്രത്തിൽ പ്രത്യേകിച്ചും നെഹ്റു നിർവഹിച്ച ഭൂമികയെ(റോളിനെ)പ്പറ്റി സോവിയറ്റ് യൂണിയൻ ഔദ്യോഗികമായി ഒരു പുനർവിചിന്തനം നടത്തിയിരിക്കുന്നു. സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മിറ്റിയിലെ അന്താരാഷ്ട്രീയവിഭാഗത്തിന്റെ ഉപതലവനായ പ്രൊഫസർ ഉല്യാനോവ്സ്കി രചിച്ചതും 1983—ൽ റഷ്യൻ ഭാഷയിൽ പ്രസിദ്ധീകരിച്ച

ത്തുമായ 'ദേശീയവിമോചനപ്പോരാളികളുടെ രാഷ്ട്രീയചിത്രങ്ങൾ' എന്ന പുസ്തകത്തിലാണ് ഈ പുതിയ മൂല്യനിർധാരണം രേഖപ്പെടുത്തിയിട്ടുള്ളത്. ഈ പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പ് ഇപ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ സാമൂഹ്യ—സാമ്പത്തിക വികസനത്തെപ്പററിയുള്ള പഠനങ്ങളെ അടിസ്ഥാനമാക്കി, എൺപത്തൊന്നു വയസ്സായ പ്രൊഫസർ ഉല്യാനോവ്സ്കിക്ക് 'ഇന്ത്യൻ കൗൺസിൽ ഓഫ് കൾച്ചറൽ റിലേഷൻസ്' എന്ന ഔദ്യോഗികസംഘടന 1979—ൽ 'ജവാഹർലാൽ നെഹ്റു അവാർഡ്' നൽകുകയുണ്ടായി എന്നതും ഈ സന്ദർഭത്തിൽ പ്രസ്താവിക്കേണ്ടതുണ്ട്.

ജവാഹർലാൽ നെഹ്റുവിനെപ്പററി ഇതിനുമുമ്പ് കമ്മ്യൂണിസ്റ്റുകാർ പരക്കെ ആദരിച്ചുവന്ന വിലയിരുത്തൽ, 1958 ഡിസംബറിലെ 'ലോക മാർക്സിസ്റ്റ് റെവ്യൂ'വിൽ അക്കാദമിഷ്യൻ യൂഡിൻ പ്രസിദ്ധീകരിച്ചതായിരുന്നു. നെഹ്റുഗവൺമെൻറിനു കീഴിൽ ഇന്ത്യയിലെ കർഷകർ ഭൂരഹിതരായും തൊഴിലാളികൾ ചൂഷിതരായും തുടർന്നു എന്നും സ്വാതന്ത്ര്യംകൊണ്ടു മെച്ചമുണ്ടായതു് ഇന്ത്യയിലെ മുതലാളിമാർക്കുമാത്രമായിരുന്നു എന്നും മി. യൂഡിൻ തന്റെ ലേഖനത്തിൽ പ്രസ്താവിച്ചിരുന്നു.

അക്കാദമീഷ്യൻ യൂഡിന്റേതിൽനിന്നു വളരെ വ്യത്യസ്തമാണ് നെഹ്റുവിനെപ്പററി പ്രൊഫസർ ഉല്യാനോവ്സ്കിയുടെ വിലയിരുത്തൽ. ഇന്ത്യയുടെ ദേശീയസമ്പദ വ്യവസ്ഥിതി അഭിവൃദ്ധിപ്പെടുത്തുന്നതിലും രാഷ്ട്രത്തെ വ്യവസായവത്കരിക്കുന്നതിലും ദേശസാത്കൃതവ്യവസായമേഖല വളർത്തിയെടുക്കുന്നതിലും വിദ്യാഭ്യാസവും പൊതുജനാരോഗ്യവും മെച്ചപ്പെടുത്തുന്നതിലും ഗവൺമെൻറിന്റെ തലവനെന്ന നിലയിൽ ജവാഹർലാൽ നെഹ്റുവിന്റെ നേട്ടങ്ങളെ ഉല്യാനോവ്സ്കി പ്രകീർത്തിക്കുന്നു.

വൻകിട—ഇടത്തരം ഭൂപ്രഭുത്വം നെഹ്റു അവസാനിപ്പിച്ചു. പക്ഷേ, ഇതു് ബൂർഷ്വാ (ഇടത്തരക്കാരുടെ) അടിസ്ഥാനത്തിലായിരുന്നു. കാരണം, ദരിദ്രകർഷകർക്ക് അപ്പോഴും ഭൂമി കിട്ടിയില്ല. കൂടുതൽ മെച്ചപ്പെട്ട ജീവിതം സംബന്ധിച്ച പങ്കുപാട്ടക്കാരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമായതുമില്ല. ഇന്ത്യയിൽ ബൂർഷ്വാ ജനാധിപത്യ—മതനിരപേക്ഷ ഭരണകൂടത്തെ ജവാഹർലാൽനെഹ്റു ശക്തിപ്പെടുത്തി. സമാധാനം കാംക്ഷിക്കുന്ന ഒരു രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയ്ക്കു ലോകാംഗീകാരം നേടിക്കൊടുത്ത ഒരു വിദേശനയം അദ്ദേഹം ആവിഷ്കരിച്ചു നടപ്പിൽ വരുത്തുകയുംചെയ്തു.

പ്രൊഫസർ ഉല്യാനോവ്സ്കി പറയുന്നു: 'രണ്ടുവശവും കണക്കിലെടുക്കുമ്പോൾ, നെഹ്റുവിന്റെ പ്രവർത്തനങ്ങൾ നിസ്സംശയമായും വിധ്യാത്മകങ്ങളായിരുന്നു. എന്നാൽ, അദ്ദേഹം വാചാലതയോടെ വാഴ്ത്താറുള്ള സോഷ്യലിസം ഒരു സദുദ്ദേശ്യംമാത്രമായി അവശേഷിച്ചതേയുള്ളു.'

'ഇന്ത്യയിൽ സോഷ്യലിസം ഉടൻ നടപ്പിൽ വരുത്തുവാൻ നെഹ്റുവിനു കഴിയുമായിരുന്നില്ല.' പ്രൊഫസർ ഉല്യാനോവ്സ്കി തുടരുന്നു: 'സോഷ്യലിസം സ്ഥാപിക്കുന്നതിനുള്ള രാഷ്ട്രീയമായ മുൻ—ഉപാധികൾ ഇന്ത്യയിൽ ഇല്ലായിരുന്നു. തന്റെ വിപ്ലവാത്മകവും ജനാധിപത്യപരവുമായ ആശയങ്ങളിൽ മാററം വരുത്താൻ മുതലാളിവർഗവും യാഥാസ്ഥിതികവൃത്തങ്ങളും നെഹ്റുവിൽ സമ്മർദം ചെലുത്തി. മുതലാളിവർഗത്തോടും യാഥാസ്ഥിതികവൃത്തങ്ങളോടും പ്രയാസമേറിയ പല വിട്ടുവീഴ്ചകളുംചെയ്യുക ജീവിതത്തിൽ അനുപേക്ഷണീയമായിരുന്നില്ലെങ്കിൽ, സോഷ്യലിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കുന്നതിലും, സോഷ്യലിസത്തിനു് അനുകൂലമായ വർഗ—രാഷ്ട്രീയശക്തികളെ അണിനിരത്തുന്നതിലും രാജ്യത്തിന്റെ രാഷ്ട്രീയജീവിതത്തിന്മേലും സർക്കാരിന്മേലുമുള്ള ചൂഷക

വർഗങ്ങളുടെ സ്വാധീനം ദുർബലപ്പെടുത്തുന്നതിലും, വളരെയെല്ലാം നേട്ടങ്ങൾ ഉണ്ടാക്കാൻ നെഹ്റുവിന് കഴിയുമായിരുന്നു എന്നാണ് ഞങ്ങളുടെ അഭിപ്രായം.'

'കാതലായ കാര്യം ഇതാണ്. താൻ കൈക്കൊണ്ട നയപരിപാടികൾ നെഹ്റു നടപ്പിലാക്കിയില്ലെങ്കിൽ ഇന്ത്യയിൽ ഉണ്ടാകുമായിരുന്ന ഏകവികല്പം ഒരു വലതുപക്ഷഗവണ്മെന്റ് ആയിരുന്നു.'

എതിർപ്പും സങ്കീർണതയുമാണ് നെഹ്റുവിന്റെ രാഷ്ട്രീയവീക്ഷണത്തിന്റെ വളർച്ചയുടെ സവിശേഷതകളായി പ്രൊഫസർ ഉല്യാനോവ്സ്കി കാണുന്നത്. അദ്ദേഹം എഴുതുന്നു:

'ഇംഗ്ലണ്ടിൽ ഹാരോവിലും കേംബ്രിജിലും പഠിക്കവെ നെഹ്റു ബൂർഷ്വാ ലിബറലിസത്തിന്റെ ആശയങ്ങൾ ഉൾക്കൊള്ളുകയും ഫാബിയൻ സോഷ്യലിസത്തിൽ തത്പരനാകുകയുംചെയ്തു. ഇന്ത്യയിൽ തിരിച്ചെത്തി കോൺഗ്രസ് പ്രവർത്തനത്തിൽ പങ്കെടുക്കാൻ തുടങ്ങിയതോടെ, ഗാന്ധിയുടെ അഹിംസാത്മകമെങ്കിലും സാമ്രാജ്യത്വവിരുദ്ധവും കൊളോണിയലിസവിരുദ്ധവുമായ സമരമുറകളെ അദ്ദേഹം ആവേശപൂർവം പിൻതാങ്ങി. ആയിരത്തിത്തൊള്ളായിരത്തി ഇരുപതുകളിൽ ദേശീയവിമോചനപ്രസ്ഥാനം പുറകോട്ടടിച്ചപ്പോൾ, ഗാന്ധിയുടെ സമരമുറകളിൽ നെഹ്റുവിനുണ്ടായിരുന്ന വിശ്വാസത്തിന് ഇളക്കം തട്ടി. 1927–ൽ ബ്രസൽസിൽ നടന്ന 'മർദിതരാഷ്ട്രങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തതും, ആ വർഷം നവംബർമാസത്തിൽ സോവിയററ് റഷ്യ സന്ദർശിച്ചതും, നെഹ്റുവിന്റെ രാഷ്ട്രീയവീക്ഷണത്തിന്റെ വളർച്ചയിൽ സാരമായ സ്വാധീനംചെലുത്തി. സോവിയററ് യൂണിയൻ നടപ്പിൽ വരുത്തിക്കൊണ്ടിരുന്ന വിപ്ലവാത്മക–ശാസ്ത്രീയസോഷ്യലിസവുമായി നെഹ്റു പരിചയപ്പെട്ടു. നെഹ്റുവിന്റെ പഴയ ഉദാര–പരിഷ്കരണാത്മക–ഗാന്ധിയൻ ആശയങ്ങളുടെ സ്ഥാനം മാർക്സിന്റെയും ലെനിന്റെയും ആശയങ്ങൾ കൈയടക്കി പക്ഷേ, ഈ ആശയങ്ങൾക്ക് നെഹ്റുവിലുണ്ടായ പ്രഭാവം പൂർണമായിരുന്നില്ല. നെഹ്റു ഒരിക്കലും ഭൗതികവാദിയായ ഒരു ദാർശനികൻ ആയിരുന്നില്ല. വ്യക്തിയുടെ ആധ്യാത്മികവും നൈതികവുമായ വളർച്ചയെ സംബന്ധിച്ച നെഹ്റുവിന്റെ ആശയങ്ങൾ ആദർശവാദത്തിന്റെയും സന്ദേഹവാദത്തിന്റെയും ഒരു മിശ്രണം ആയിരുന്നു. ഹിന്ദുപാരമ്പര്യങ്ങളിൽനിന്നും യൂറോപ്യൻ യുക്തിവാദ സന്ദേഹവാദങ്ങളിൽനിന്നും ഉടലെടുത്തവ ആയിരുന്നു എങ്കിലും, സാമൂഹ്യരാഷ്ട്രീയ പ്രശ്നങ്ങളെ സംബന്ധിച്ച അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ശാസ്ത്രീയസോഷ്യലിസം ശക്തിയേറിയ സ്വാധീനം ചെലുത്തിയിരുന്നു.'

'ഉല്പാദനസമ്പ്രദായം, ബഹുജനങ്ങൾക്ക ചരിത്രത്തിലുള്ള സ്ഥാനം സാമൂഹ്യഘടന വർഗവൈരുധ്യങ്ങൾ, വർഗസമരം എന്നിവ സംബന്ധിച്ച മാർക്സിയൻ ചരിത്രവീക്ഷണം സാരാംശത്തിൽ, നെഹ്റു അംഗീകരിച്ചിരുന്നു. മുതലാളിത്തത്തിന്റെ നാശമടുത്തതായി അദ്ദേഹം വിശ്വസിച്ചു. മുതലാളിത്തത്തിനു കീഴിൽ സാമ്പത്തിക–സാമൂഹ്യരാഷ്ട്രീയ വ്യവസ്ഥിതികൾ എത്രമാത്രം മർദനപരങ്ങളായിത്തീരുന്നു എന്ന് അദ്ദേഹം കണ്ടറിഞ്ഞു. ലോകത്തിലെങ്ങുമുള്ള വിപ്ലവശക്തികളോട് സാമാന്യമായും, ലോകത്തിലെ ഒന്നാം സോഷ്യലിസ്റ്റ് രാഷ്ട്രമായ സോവിയററ് യൂണിയനോട് പ്രത്യേകിച്ചും, അദ്ദേഹത്തിന് വലിയ അനുഭാവം ഉണ്ടായിരുന്നു.

താൻ ശാസ്ത്രീയസോഷ്യലിസത്തിന്റെ ഭാഗത്താണെന്ന് നെഹ്റു പ്രഖ്യാപിച്ചു. ദേശീയവിമോചനസമരത്തിന്റെ പാരന്തികലക്ഷ്യം സോഷ്യലിസമാണെന്ന് അദ്ദേഹം കരുതി. കോൺഗ്രസ്സിൽ കർഷകരു

ടെയും തൊഴിലാളികളുടെയും പങ്കാളിത്തം വികസിപ്പിക്കാനും അവരുടെ സാമൂഹ്യവും സാമ്പത്തികവുമായ ആവശ്യങ്ങൾ കോൺഗ്രസ്സിലൂടെ നേടിയെടുക്കാനും അദ്ദേഹം ശ്രമിച്ചു.

ദേശീയവിമോചനത്തിനുവേണ്ടി പൊരുതുന്ന ജനങ്ങളുടെയും മുതലാളിത്തരാജ്യങ്ങളിലെ തൊഴിലാളികളുടെയും, ജനാധിപത്യപ്രസ്ഥാനങ്ങളുടെയും സോവിയററ് യൂണിയൻെറയും, അന്താരാഷ്ട്രീയ സഹകരണത്തിനുവേണ്ടിയാണ് നെഹ്റു നിലകൊണ്ടതു് എന്നു് പ്രൊഫസർ ഉല്യാനോവ്സ്കി അനുസ്മരിക്കുന്നു.

പക്ഷേ, വളരെ പ്രയാസമേറിയതായിരുന്നു നെഹ്റുവിൻെറ നില. തന്നെ തുണക്കാൻ ഒരു രാഷ്ട്രീയസംഘടന അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഗാന്ധിയുടെ രാഷ്ട്രീയ–നൈതിക സ്വാധീനത്തിനു കീഴിലായിരുന്ന, അടിസ്ഥാനപരമായി ഇടത്തരക്കാരുടേതായ കോൺഗ്രസ്സംഘടനയുടെ അതിർത്തികൾക്കുള്ളിൽനിന്നു വേണമായിരുന്നു നെഹ്റുവിനു പ്രവർത്തിക്കുവാൻ. ഗാന്ധിയെക്കൂടാതെയോ ഗാന്ധിക്കെതിരായോ ഇന്ത്യയിൽ ഒരു പ്രസ്ഥാനത്തെപ്പററി ചിന്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. കോൺഗ്രസ്സിൽ ഭിന്നിപ്പുണ്ടായാൽ അതു് സാമ്രാജ്യവിരുദ്ധസമരത്തെ തളർത്തുമെന്നു ഗാന്ധിയോടൊപ്പം നെഹ്റുവും വിശ്വസിച്ചു. ഗാന്ധിക്കു കീഴടങ്ങി നെഹ്റു. തൻെറ ഇടതുപക്ഷചിന്താഗതികളെ നിഷ്ക്രിയമാക്കുവാൻ വലതുപക്ഷത്തെ അനുവദിച്ചു. ആയിരത്തിത്തൊള്ളായിരത്തിമുപ്പതുകളുടെ രണ്ടാം പകുതി മുതൽ നെഹ്റുവിൻെറ പ്രവർത്തനങ്ങളിലെ സോഷ്യലിസ്റ്റ് വിപ്ലവാത്മകവാസനകൾക്കു് മങ്ങലേററു.

ഇന്ത്യ സ്വാതന്ത്ര്യം നേടുകയും നെഹ്റു ഇന്ത്യാഗവണ്മെൻറിൻെറ തലവനാകുകയുംചെയ്തപ്പോഴേക്കു് അദ്ദേഹത്തിൻെറ സാമൂഹ്യ–രാഷ്ട്രീയ വീക്ഷണത്തിൽ വലിയൊരു മാററം വന്നിരുന്നു. മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ചിന്തകൾ പിന്നോട്ടുപോയി. ഉദാരവാദം, പരിഷ്കരണവാദം, ഗാന്ധാവാദം എന്നിവ മുന്നോട്ടുവന്നു. എൻെറ മരണത്തിനുശേഷം നെഹ്റു എൻെറ ശബ്ദത്തിൽ സംസാരിക്കും എന്ന ഗാന്ധിയുടെ പ്രവചനം ഫലിച്ചു. പിന്നീടു് ആയിരത്തിത്തൊള്ളായിരത്തിഅമ്പതുകളിൽ സോഷ്യലിസം നെഹ്റുവിൻെറ വാക്കുകളിൽ വീണ്ടും പ്രത്യക്ഷപ്പെട്ടുതുടങ്ങിയപ്പോൾ അതിൻെറ അർത്ഥം പരിഷ്കരണവാദമെന്നായിരുന്നു എന്നു് പ്രൊഫസർ ഉല്യാനോവിസ്കി നിരീക്ഷിക്കുന്നു.

'ശാസ്ത്രീയ സോഷ്യലിസത്തെ അനുകൂലിച്ചു. 1936–ൽ ലക്നൗ കോൺഗ്രസ്സിൽ ചെയ്ത പ്രസംഗം ആയിരത്തിത്തൊള്ളായിരത്തി നാല്പതുകളിൽ ആവർത്തിച്ചിരുന്നെങ്കിൽ, നെഹ്രു സ്വതന്ത്ര ഇന്ത്യയിൽ കോൺഗ്രസ് ഗവണ്മെൻറിൻെറ തലവനും പ്രധാനമന്ത്രിയുമാകുമായിരുന്നില്ല' എന്നു് പ്രൊഫസർ ഉല്യാനോവ്സ്കി പറയുന്നു. സോഷ്യലിസ്റ്റ് മാതൃകയിലുള്ള സമൂഹമെന്ന പരിഷ്കരണാശയത്തിനു പൊതുജനാഭിപ്രായത്തെ പാകപ്പെടുത്തിയെടുക്കാൻതന്നെ നെഹ്രുവിനു് പത്തു വർഷങ്ങൾ വേണ്ടിവന്നു.

'നെഹ്രുവിൻെറ നടപടി ശരിയായിരുന്നു. പ്രൊഫസർ ഉല്യാനോവ്സ്കി പ്രഖ്യാപിക്കുന്നു: 'അന്നു് ഇന്ത്യ സോഷ്യലിസത്തിനു തയ്യാറായിരുന്നില്ല. ഭാവിയിൽ സോഷ്യലിസം സാദ്ധ്യമാക്കുന്ന ഇടക്കാലനടപടികൾ മാത്രമേ അന്നു് യുക്തിസംഗതങ്ങളായിരുന്നുള്ളു. എന്നാൽ, ഈ ഇടക്കാലഘട്ടം എത്രനാൾ തുടരുമെന്നോ, ആ കാലഘട്ടത്തിൽ എന്തെല്ലാം ചെയ്യണമെന്നോ നെഹ്രു നിശ്ചയിച്ചില്ല. വർഗ്ഗശക്തികൾ എങ്ങനെ അണിനിരന്നിരിക്കുന്നു എന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചില്ല. സോഷ്യലിസ്റ്റ് പരിഷ്കരണങ്ങൾക്കുവേണ്ട സംഘടനാപരവും രാഷ്ട്രീയവും ആശയപരവു

മായ മുൻ–ഉപാധികളും അദ്ദേഹം സൃഷ്ടിച്ചില്ല. സാമ്പത്തികവൃദ്ധി, തൊഴിലാളികളുടെ നില മെച്ചപ്പെടുത്തൽ, എല്ലാ പൗരന്മാർക്കും തുല്യമായ അവസരം എന്നിവയാണ് സോഷ്യലിസം എന്നുവരെ കരുതപ്പെട്ടു. നെഹ്റുവിന്റെ നടപടികൾ ഇന്ത്യയിൽ മുതലാളിത്തത്തിന്റെ കടപുഴക്കുകയോ കുത്തകക്കാരെ പുറംതള്ളുകയോ സാമൂഹ്യവൈരുദ്ധ്യങ്ങൾ പരിഹരിക്കുകയോ ചെയ്തില്ല. മറിച്ച്, നെഹ്റുതന്നെ സമ്മതിച്ചതുപോലെ, ദരിദ്രർക്കും ധനികർക്കും ഇടയ്ക്കുള്ള കിടങ്ങിന് ആഴംകൂടി, കുത്തകമുതലാളിത്തം ശക്തിപ്പെടുകയും ചെയ്തു.'

'ഭരണം നിലനിർത്തുന്നതിനായി അധികാരം മുഴുവൻ ഒരു വ്യക്തിയുടെ കൈയിൽ കേന്ദ്രീകരിക്കുമോ, അതോ നെഹ്റു സ്ഥാപിച്ച ജനാധിപത്യവഴക്കങ്ങളോട് കൂറു പുലർത്തുമോ എന്നതാണ് ഇന്നു കോൺഗ്രസ്സിന്റെ മുമ്പിലുള്ള പ്രശ്നം' എന്ന് ഉല്യാനോവ്സ്കി കരുതുന്നു. ഇവയിൽ രണ്ടാമത്തെ വികല്പമാണ് തിരഞ്ഞെടുക്കുന്നതെങ്കിൽ, കോൺഗ്രസ് നെഹ്റുവിന്റെ പുരോഗമനാശയങ്ങൾ പുനരുദ്ധരിക്കുകയും രാഷ്ട്രത്തിന്റെ ബഹുഭൂരിപക്ഷമായ തൊഴിലാളിവർഗത്തിന്റെ ഹിതം മുൻനിർത്തി പുരോഗമനപരമായ നയപരിപാടികളിലൂടെ ഈ ആശയങ്ങൾക്കു രൂപം നൽകുകയും വേണം.' 'വിമർശനാത്മകമായ വ്യാഖ്യാനത്തിലൂടെ മാത്രമേ ഇത്തരം നയപരിപാടികൾ ആവിഷ്കരിക്കുവാനും നെഹ്റുവിന്റെ പൈതൃകം ഉപയോഗപ്പെടുത്തുവാനും കഴിയൂ' എന്ന് പ്രൊഫസർ ഉല്യാനോവ്സ്കി ഉപസംഹരിക്കുന്നു.

ചരിത്രത്തിലുള്ള നെഹ്റുവിന്റെ ഭൂമികയെപ്പറ്റി പ്രൊഫസർ ഉല്യാനോവ്സ്കിയുടെ ഈ വിലയിരുത്തൽ ശരിയാണെങ്കിൽ നെഹ്റുഗവണ്മെന്റിനെതിരെ ഇന്ത്യയിലെ അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടി തുടർച്ചയായി കൈക്കൊണ്ടുവന്ന നിലപാട് അമ്പേ തെറ്റായിരുന്നു എന്ന് സമ്മതിക്കേണ്ടി വരും. മറിച്ച്, ഉല്യാനോവ്സ്കിയുടെ നിഗമനം തെറ്റാണെങ്കിൽ, മാർക്സിസത്തിന്റെ ശാസ്ത്രീയത സന്ദേഹാസ്പദമായിത്തീരും. ഒരേ കൂട്ടം വസ്തുതകളെത്തന്നെ തികച്ചും വിരുദ്ധമായ തരത്തിൽ വ്യാഖ്യാനിക്കുവാൻ വകനൽകുന്ന ഒരു ചിന്താപദ്ധതി എങ്ങനെ ശാസ്ത്രീയമാകും?

16 ജനുവരി, 1985.

# 41. എല്ലാവർക്കും ആരോഗ്യം

ഇരുപത്തൊന്നാം നൂറ്റാണ്ട് പിറക്കുമ്പോഴേക്കു ഭൂമിയിൽ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങൾക്കും ആരോഗ്യം കൈവരുത്തുക സാധ്യമാണെന്നും, അതായിരിക്കണം ഇനിമുതൽ എല്ലാ ഗവണ്മെന്റുകളുടെയും ലക്ഷ്യമെന്നും ലോക–ആരോഗ്യനേതാക്കൾ പ്രസ്താവിച്ചുതുടങ്ങിയിട്ട് ഏതാനും വർഷങ്ങളായി.

ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് ഇന്ത്യയെ നയിക്കുകയെന്നതാണ് ശ്രീ രാജീവ്ഗാന്ധിയുടെ നേതൃത്വത്തിൽ രൂപവല്ക്കരിക്കപ്പെട്ട ഇന്ത്യയിലെ കേന്ദ്രഗവണ്മെന്റിന്റെ പ്രഖ്യാപിതലക്ഷ്യം.

ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കുള്ള ദൂരം ഇനി പതിനഞ്ചു വർഷങ്ങൾ മാത്രമാണ്. പതിനഞ്ചു വർഷങ്ങൾകൂടി കഴിയുമ്പോഴേക്ക് ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കും ആരോഗ്യം ഉറപ്പുവരുത്തുവാൻ നമ്മുടെ കേന്ദ്രഗവണ്മെന്റിനും സംസ്ഥാനഗവണ്മെന്റുകൾക്കും കഴിയുമോ? ഈ ലക്ഷ്യം നേടുന്നതിന് ആസൂത്രിതവും സംഘടിതവും സഫലവുമായ